കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കല്ലറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**10/157/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in
തീയതി: 27.4.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കല്ലറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**10/157/2019**

തീയതി**: 27.4.2019**

## തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ്13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.07.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പ കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 80 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 80 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. സാജൻലാൽ.എസ്.ജെ,
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14.01.2019 മുതൽ 22.01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ.സനിൽ.എസ്,
ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.മുഹമ്മദ് സലിം.എ,
അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ബിന്ദു.ഒ,
അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശാലിനി.വി.കെ,
സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അരുൺ ദേവ് .വി.ആർ,
ഓഡിറ്റർ

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശാന്തകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.അഷറഫ്.എം | 01.04.2017 മുതൽ 23.04.2017വരെ |
| | ശ്രീമതി.റെനി സൈമൺ | 24.04.2017 മുതൽ 8.6.2017 വരെ |
| | ശ്രീ.രാജേഷ്.എസ്.എസ് | 09.06.2017 മുതൽ 31.03.2018 വരെ |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | വിലാസം |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സി.എം.ഷേർളി | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ.വിജയ് ലാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീ.ഷാനവാസ്.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിനിത.റ്റി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പത്മ കേസരി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വിദ്യ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുരേഷ് | 01.04.2017 മുതൽ 31.07.2017 വരെ |
| | ഡോ.ശോശാമ്മ.പി.ഒ | 01.08.2017 മുതൽ 06.09.2017 വരെ |
| | ഡോ.ബി.എൻ.ബാബുരാജ് | 07.09.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ആശലത.ഒ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മനോജ് കുമാർ .എം.എസ് | 01.04.2017 മുതൽ 10.11.2017 വരെ |
| | ശ്രീമതി.നിഷ | 11.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അഷറഫ്.എം | 01.04.2017 മുതൽ 08.08.2017 വരെ |
| | ശ്രീ.സുനിൽ.പി | 09.08.2017 മുതൽ 10.09.2017 വരെ |
| | ശ്രീ.വിനോദ്.എസ് | 11.09.2017 മുതൽ 19.10.2017 വരെ |
| | ശ്രീമതി.സബീന.എം.എം | 20.10.2017 മുതൽ 31.03.2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി സുജാതകുമാരി അർ. ജി. | 1.4.2017 മുതൽ 1.5.2017 വരെ |
| | ശ്രീമതി സൗമ്യ | 2.5.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| **ഭാഗം- 1**<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| **ഭാഗം-2**<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | പത്രിക പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-1 |
| 14 | ലൈസൻസ്ഡ് മണി ലെൻഡറിൽ നിന്നും തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 2-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കിയിട്ടില്ല | 2-3 |
| 16 | പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് നടപ്പിലാക്കിയിട്ടില്ല | 2-4 |
| 17 | മാർക്കറ്റ് ലേലം - കുടിശ്ശിക വരുത്തിയ തുക ഈടാക്കേണ്ടതാണ് | 2-5 |
| 18 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-6 |

| | | |
|---|---|---|
| 19 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-7 |
| 20 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം | 2-8 |
| 21 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-9 |
| 22 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2-10 |
| 23 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കുന്നില്ല. | 2-11 |
| 24 | ഡി & ഒ ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല | 2-12 |
| 25 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 2-13 |
| 26 | രജിസ്ട്രേഷനില്ലാതെ സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു | 2-14 |
| | ഭാഗം-**3**<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27 | ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-1 |
| 28 | തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായ കണക്കില്ലാതെ തുക ഒടുക്കുന്നതു മൂലം അധിക ചെലവുണ്ടാകുന്നു | 3-2 |
| 29 | റിക്കവറി തുക ഒടുക്കവരുത്തിയിട്ടില്ല | 3-3 |
| 30 | ഗ്രാന്റ്, കോൺട്രിബ്യൂഷൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-4 |
| 31 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-5 |
| 32 | ഭരണസമിതിയുടെ തെറ്റായ തീരുമാനം - കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനായില്ല | 3-6 |
| 33 | മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല- പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 3-7 |
| 34 | തരിശുഭൂമിയിൽ കൃഷി ചെയ്യുന്നില്ല | 3-8 |

| | | |
|---|---|---|
| 35 | വാഴകൃഷി വികസനം - പദ്ധതി മാനദണ്ഡം പൂർണമായും പാലിച്ചില്ല | 3-9 |
| 36 | സ്റ്റാറ്റസ് റിപ്പോർട്ടിലെ അതീവഗുരുതര പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചില്ല | 3-10 |
| 37 | കാർഷികോൽപ്പന്ന വിപണനകേന്ദ്രം വനിത – പദ്ധതി നടപ്പാക്കിയില്ല | 3-11 |
| 38 | കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 39 | പശ്ചിമഘട്ട വികസന പദ്ധതി - പദ്ധതി പണം പൂർണ്ണമായി വിനിയോഗിക്കാനായിട്ടില്ല. | 3-13 |
| 40 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാൻ അവശേഷിക്കുന്നു | 3-14 |
| 41 | കുടിവെള്ള പദ്ധതി- പൈപ്പ് നീട്ടൽ - വാട്ടർ അതോറിറ്റി ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നില്ല. | 3-15 |
| 42 | സമ്പൂർണ്ണ ശുചിത്വം- അടങ്കൽ തുകയിൽ നെഗറ്റീവ് വികസനഫണ്ട് | 3-16 |
| 43 | മുൻഗണനാക്രമം മറികടന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-17 |
| 44 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് തുകകളും ചെലവ് പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല. | 3-18 |
| 45 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 3-19 |
| 46 | അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നില്ല | 3-20 |
| 47 | സാന്ത്വനപരിചരണം- വാഹനത്തിന്റെ ഇന്ധനത്തിന് അധികച്ചെലവ് | 3-21 |
| 48 | ലഭിക്കാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ സ്റ്റോക്കിലെടുത്തു | 3-22 |
| 49 | എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിയില്ല | 3-23 |
| 50 | പാലിയേറ്റീവ് കെയർ– പദ്ധതി നടത്തിപ്പ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-24 |
| 51 | ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ–ചെലവ് രേഖകൾ കൃത്യമല്ല | 3-25 |

| ഭാഗം-4 | | |
|---|---|---|
| 52 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 53 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ | 4-2 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4-3 |
| 55 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 56 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 57 | ഓഡിറ്റ് റിക്കവറി | 4-6 |
| 58 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 59 | ചാർജ്ജ്/സർജാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 30-03-2017 ൽ അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 36,35,77,817/- രൂപയും പ്രതീക്ഷിത ചെലവ് 3,32,03,6,500/- രൂപയും നീക്കിയിരിപ്പ് 3,15,41,317/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 9,11,23,396/- രൂപയും ചെലവ് 8,14,05,506/- രൂപയും നീക്കിയിരിപ്പ് 97,17,890/- രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.06.2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകളുടെ പരിശോധനാ തീയതി | റിപ്പോർട്ട് നം. |
|---|---|---|
| 2017-18 | 5.6.2018 മുതൽ 6.6.2018 വരെ | കെ.എസ്. എ. /റ്റി.വി.എം. ജി.പി.10/1534/18 തീയതി 8.8.2018 |

## 1-4 സാമ്പത്തിക വിശകലനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18100104 |
| വരവ് | 73023292 |
| ആകെ | 91123396 |
| ചെലവ് | 81405506 |
| നീക്കിയിരുപ്പ് | 9717890 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 16300438 | 16300438 | 16300438 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 5531575 | 5531575 | 5531575 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 1179480 | 1179480 | 1179480 | 0 |
| സി.എഫ്.സി | 0 | 8995078 | 8995078 | 8995078 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 6352367 | 6352367 | 6352367 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 0 | 4323494 | 4323494 | 4323494 | 0 |
| വെസ്റ്റേൺഘട്ട് | 1236533 | 0 | 1236533 | 722500 | 514033 |
| സാക്ഷരത | 278945 | 186498 | 465443 | 69000 | 396443 |
| ഐ.സി.ഡി.എസ് | 136097 | 595376 | 731473 | 261521 | 469952 |
| എം.എൻ.ആർ.ഇ.ജി.എസ് | 5795 | 996715 | 1002510 | 1000206 | 2304 |
| ബി.ഫണ്ട് | 0 | 219840 | 219840 | 219840 | 0 |
| ജോയിന്റ് വെഞ്ചർ | 0 | 6462550 | 6462550 | 7019354 | -556804 |
| ട്രഷറി ടി.എസ്.ബി | 9419039 | 9375000 | 18794039 | 17612674 | 1181365 |
| ഐ.ഒ.ബി തനത് ഫണ്ട് | 6609159 | 12330152 | 18939311 | 11403443 | 7535868 |
| ഡി.സി.ബി കല്ലറ തനത് ഫണ്ട് | 185798 | 0 | 185798 | 185798 | 0 |
| ക്യാഷ് | 228738 | 150967 | 379705 | 228738 | 150967 |
| എസ്.ബി.ഐ ഇ പേമെന്റ് | 0 | 23762 | 23762 | 0 | 23762 |

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|---|---|

| നം | | ലഭിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | യവയുടെ എണ്ണം | ചെലവ് | നടപ്പാക്കിയത് | ക്കാത്തവ | കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 5095448 | 15 | 5095448 | 0 | 0 | 100 |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 8919358 | 9 | 6749791 | 0 | 1 | 90 |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 1933875 | 4 | 1385802 | 0 | 1 | 80 |
| 4 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 8 | 1756792 | 8 | 1756343 | 0 | 0 | 100 |
| 5 | ഹെഡ്മിസ്ട്രസ് | 4 | 1545000 | 4 | 1537153 | 0 | 0 | 100 |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 3664112 | 6 | 2838289 | 0 | 2 | 75 |
| 7 | വെറ്ററിനറി സർജൻ | 10 | 5447451 | 8 | 1947757 | 0 | 2 | 80 |
| 8 | സെക്രട്ടറി | 27 | 10762782 | 19 | 4804858 | 0 | 8 | 70 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 43624431 | 40 | 19736829 | 0 | 30 | 57 |
| 10 | ഡയറിഫാം ഇൻസ്പെക്ടർ | 1 | 900000 | 1 | 650000 | 0 | 0 | 100 |
| 11 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 605000 | 3 | 603584 | 0 | 0 | 100 |
| | ആകെ | 158 | 83649249 | 114 | 46502270 | 0 | 44 | 72 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5795 | 996715 | 1002510 | 1000206 | 2304 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 18502106 | 18502106 | 18502106 | 0 |
| ആകെ | 5795 | 19498821 | 19504616 | 19502312 | 2304 |

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 219840 | 282 |
| കർഷകതൊഴിലാളി പെൻഷൻ | 12992400 | 4367 |
| വിധവാ പെൻഷൻ | 15227700 | 5025 |
| വാർദ്ധക്യകാലപെൻഷൻ | 28399100 | 8395 |
| വികലാംഗ പെൻഷൻ | 3317700 | 1048 |
| വിവാഹധനസഹായം | 480000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 471900 | 162 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019 ന് രാവിലെ 11.15 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

### 1-10-1 ഫ്രണ്ട് ഓഫീസ് പ്രവർത്തനം

a. സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

b. സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

c. മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകുകയും ചെയ്തിട്ടില്ല.

d. റെക്കോർഡ് റൂം കൃത്യമായി പരിപാലിച്ചിട്ടില്ല.

e. കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല.

### 1-10-2 സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചട്ടങ്ങൾ പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, 2000 ചട്ടം 16 പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിലും സമയത്തും പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. എന്നാൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സുകൾ പരിശോധിച്ചതിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എപ്രിൽ, മെയ്, ആഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി മാസങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഏപ്രിൽ, മെയ് , ജനുവരി മാസങ്ങളിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഡിസംബർ മാസത്തിലും യോഗം ചേർന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, 2000 ചട്ടം 16(11) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ രേഖപ്പെടുത്താൻ ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും കമ്മിറ്റിയുടെ തീരുമാനങ്ങൾ സെക്രട്ടറിയോ സെക്രട്ടറിയുടെ നിർദ്ദേശത്തിൻമേൽ 179-ാം വകുപ്പ് 11-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എക്സ് ഒഫിഷ്യോ സെക്രട്ടറിയോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധനയിൽ 16.1.18, 9.3.18 എന്നീ തീയതികളിൽ മേൽ നടപടിക്രമം പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.35 ന് കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, 2000 ചട്ടം 16(2) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കേണ്ട അടിയന്തിരവിഷയം കാണിച്ചു കൊണ്ട് ചെയർമാന് അറിയിപ്പ് നൽകാറുണ്ടെന്നും എന്നാൽ പലപ്പോഴും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ യോഗം വിളിച്ചു ചേർക്കുന്നതിന് താൽപര്യം കാണിക്കുന്നില്ലായെന്നും 16.1.18, 9.3.18 എന്നീ തീയതികളിൽ ചേർന്ന സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് എക്സ് ഒഫിഷ്യോ സെക്രട്ടറി തയ്യാറാക്കി അധ്യക്ഷന് നൽകിയെങ്കിലും ചെയർമാൻ മിനിട്സ് ബുക്കിൽ ഒപ്പു വയ്ക്കാൻ തയ്യാറായില്ലായെന്നും അറിയിച്ചു. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി ചേരേണ്ടതും കർത്തവ്യങ്ങൾ നിറവേറ്റേണ്ടതുമാണ്. ഈ വിഷയം ഭരണസമിതി നിരീക്ഷിക്കേണ്ടതും മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-10-3** ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2016 ഡിസംബർ 15-ന് മുൻപ് | 17.02.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017 ജനുവരി 15-ന് മുൻപ് | രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017 ജനുവരി 25-ന് മുൻപ് | ക്രോഡീകരണത്തിനായി കമ്മിറ്റികൾ ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017 ഫെബ്രുവരി 1-ന് മുൻപ് | 17.02.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 15.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 27.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | - |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 30.03.2017 |

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചെങ്കിലും ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ | 2501002 | 2000000 | 4228130 |
| 2 | മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 300000 | 319800 |
| 3 | മൃഗസംരക്ഷണം- മുട്ടകോഴി/താറാവ് വളർത്തൽ | 2501035 | 700000 | 883000 |
| 4 | ക്ഷീരവികസനം- സംഭരണവും വിപണനവും | 2501046 | 0 | 300000 |
| 5 | പ്രത്യേക ആരോഗ്യപരിപാടി | 2512003 | 0 | 55000 |
| 6 | പട്ടിക വർഗ ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 2513011 | 0 | 802184 |
| 7 | മറ്റ് പ്ലാൻ ചെലവുകൾ | 2516008 | 20000 | 582488 |
| 8 | പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | 2522012 | 0 | 569407 |
| 9 | ബസ് സ്റ്റാന്റ് | 2522014 | 800000 | 1054431 |
| 10 | കുടിവെള്ളം- അനുബന്ധ പ്രോജക്ടുകൾ | 2531001 | 800000 | 2440000 |
| 11 | റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 2551001 | 1007000 | 9621442 |
| 12 | നോൺറോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ- ആയുർവേദം | 2552007 | 300000 | 400000 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി

ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. നിയമാനുസരണം ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

**1-10-4** പ്രതിമാസ റസീപ്റ്റ് **&** പേമെന്റ് സ്റ്റേറ്റ്മെന്റ് അംഗീകരിക്കുന്നതിൽ കാലതാമസം

1994 ലെ കേരള പഞ്ചായത്ത് രാജ് അക്ട് സെക്ഷൻ 162 എ (i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ആഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 60 പ്രകാരം പ്രതിമാസ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് അടുത്തമാസം 10-ാം തീയതിക്ക് മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനയ്ക്കും ഓഡിറ്റിനും ശേഷം സമിതിയുടെ ശുപാർശയോടുകൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതിൽ ധനകാര്യ സ്ഥിരം സമിതി വീഴ്ചവരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | വരവ് ചെലവ് പരിശോധിച്ച തീയതി |
|---|---|
| 3/17 | 16/06/17 |
| 4/17 | 16/06/17 |
| 5/17 | 16/06/17 |
| 6/17 | 18/07/17 |
| 7/17 | 28/08/17 |
| 8/17 | 20/09/17 |
| 9/17 | 31/10/17 |
| 10/17 | 15/11/17 |
| 11/17 | 20/12/17 |
| 12/17 | 17/01/18 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 66 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-10-5** സ്റ്റാന്റിംഗ് കമ്മിറ്റിയോഗം **-** ചട്ടങ്ങൾ പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, 2000 ചട്ടം 16 പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിലും സമയത്തും പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. എന്നാൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സുകൾ പരിശോധിച്ചതിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എപ്രിൽ,മെയ്, ആഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി മാസങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി ഏപ്രിൽ, മെയ്, ജനുവരി മാസങ്ങളിലും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഡിസംബർ മാസത്തിലും യോഗം ചേർന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, 2000 ചട്ടം 16(11) പ്രകാരം സ്റ്റാന്റിംഗ് കമ്മിററിയുടെ നടപടിക്രമങ്ങൾ രേഖപ്പെടുത്താൻ ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും കമ്മിറ്റിയുടെ തീരുമാനങ്ങൾ സെക്രട്ടറിയോ സെക്രട്ടറിയുടെ നിർദ്ദേശത്തിൻമേൽ 179-ാം വകുപ്പ് 11-ാം ഉപവകുപ്പിൽ പരാമാർശിക്കുന്ന എക്സ് ഒഫിഷ്യോ

സെക്രട്ടറിയോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് . എന്നാൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധനയിൽ 16.1.18, 9.3.18 എന്നീ തീയതികളിൽ മേൽ നടപടിക്രമം പാലിച്ചിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 162 (iii) പ്രകാരം സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാപ്രവർത്തനം, ദാരിദ്ര്യനിർമ്മാർജ്ജനം, പൊതുവിതരണസമ്പ്രദായം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. കൂടാതെ ജി.ഒ(എം.എസ്) 72/2017/ lsgd. Dated 29.3.2017 പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആക്ട് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുക അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ മുഴുവൻ പ്രോജക്ടുകളും ഭരണാനുമതിയ്ക്കായി ശുപാർശ ചെയ്തിരിക്കുന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

**1-10-6** പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ പ്രസ്തുത പദ്ധതികൾ ഒന്നും തന്നെ മോണിറ്റർ ചെയ്തിട്ടില്ല. (മിനിട്സ് പരിശോധന)

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.32 ന് ബാങ്ക് ബുക്കിൽ ചെലവുകൾ പൂർണ്ണമായും രേഖപ്പെടുത്താത്തതിനാലാണ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റും യഥാർത്ഥചെലവുകളും തമ്മിൽ വ്യത്യാസം വന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ക്രമ നം. 2, 3 എന്നിവയിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ചുമതലകൾ നിറവേറ്റുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധ ചെലുത്തേണ്ടതും പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്ത് ലക്ഷ്യം കൈവരിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതുമാണ്. യഥാർത്ഥചെലവുകളും എക്സപെൻഡിച്ചർ സ്റ്റേറ്റുമെന്റും തമ്മിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.18 | 01.11.2018 മുതൽ 30.11.2018 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.03.16 | 2011-12 മുതൽ 2015-16 വരെ | 18.05.16 |

## 1-12 വാർഷിക കണക്കുകളിലെ അപാകത

വാർഷിക കണക്കുകളിലെ അപാകതകൾ കെ.എസ്.എ. റ്റി.വി.എം./ജി.പി.10/1534/18 തീയതി 8.8.2018-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പത്രിക പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന ജീവനക്കാരിൽ നിന്നും പത്രിക പ്രകാരമുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| 1. ശ്രീ. ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് ഫൗണ്ടേഷൻ | | | | | |
|---|---|---|---|---|---|
| പേര് | ഉദ്യോഗ പേര് | അർദ്ധ വർഷം | അർദ്ധവർഷ വരുമാനം | ഒടുക്കിയ തുക | ഒടുക്കേണ്ട തുക |
| കനിഷ്ക.സി.കെ | MSW | I | 60000 | 450 | 600 |
| കനിഷ്ക.സി.കെ | MSW | II | 60000 | 450 | 600 |
| ആകെ | | | | 900 | 1200 |

| 2. മണപ്പുറം ഫിനാൻസ് | | | | | | | | |
|---|---|---|---|---|---|---|---|---|
| പേര് | ഉദ്യോഗ പേര് | അർദ്ധ വർഷം | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ബോണസ്/ ഉത്സവ ബത്ത | ആകെ | ഒടുക്കിയത് | ഒടുക്കേണ്ടത് |
| അശ്വതി.ആർ എസ് | ബ്രാഞ്ച് ഹെഡ് | I | 94938 | 28436 | 16665 | 140039 | 750 | 1250 |
| അപർണ്ണമനോഹരൻ.എം.എൽ | അസിസ്റ്റന്റ് ബ്രാഞ്ച് ഹെഡ് | I | 68460 | 28436 | - | 96896 | 600 | 750 |
| ദേവിന മോൾ.സി | ഹൗസ് കീപ്പിംഗ് അസിസ്റ്റന്റ് | I | 59655 | 28436 | 13174 | 101265 | 450 | 1000 |
| ശ്രീധന്യ.ഡി.കെ | ജൂനിയർ അസിസ്റ്റന്റ് | I | 60516 | 28436 | - | 88952 | 600 | 750 |
| നിഖിത.ടി.ആർ | ജൂനിയർ അസിസ്റ്റന്റ് | I | 30434 | 28436 | - | 58870 | 300 | 450 |
| മുബിൻഷാ മോൾ | സീനിയർ അസിസ്റ്റന്റ് | II | 69318 | 13578 | 8400 | 91296 | 300 | 750 |
| ദേവിന മോൾ.സി | ഹൗസ് കീപ്പിംഗ് അസിസ്റ്റന്റ് | II | 40608 | 13578 | 7000 | 61186 | 450 | 600 |

| | | |
|---|---|---|
| ആകെ | 3450 | 5550 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 / 14.01.2019 ന് പത്രിക പ്രകാരം ഈടാക്കേണ്ട അധിക നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസ്ഡ് മണി ലെൻഡറിൽ നിന്നും തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010406503 | SHAJAHAN.TA | THOPPIL FINANCE | THOPPIL BHAVAN, 11, KALLARA, 1, KALLARA |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 / 14.01.2019 ന് തോപ്പിൽ ഫിനാൻസ് എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. സ്ഥാപനതൊഴിൽ നികുതിയും സ്ഥാപനത്തിൽ നിന്നുള്ള പത്രികയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

1) ബിൽഡിംഗ് ഐ.ഡി 50247010007459
ഡോർ നം 1/7/

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013 | Ist Half | 2750.00 | 138.00 | 2888.00 |
| 2 | 2013 | IInd Half | 2750.00 | 137.00 | 2887.00 |
| 3 | 2014 | Ist Half | 2750.00 | 138.00 | 2888.00 |
| 4 | 2014 | IInd Half | 2750.00 | 137.00 | 2887.00 |
| 5 | 2015 | Ist Half | 2750.00 | 138.00 | 2888.00 |
| 6 | 2015 | IInd Half | 2750.00 | 137.00 | 2887.00 |
| 7 | 2016 | Ist Half | 2750.00 | 138.00 | 2888.00 |
| 8 | 2016 | IInd Half | 2750.00 | 137.00 | 2887.00 |
| 9 | 2017 | Ist Half | 2750.00 | 138.00 | 2888.00 |
| 10 | 2017 | IInd Half | 2750.00 | 137.00 | 2887.00 |

2) ബിൽഡിംഗ് ഐ.ഡി 50247010011568

ഡോർ നം 7/2/B

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013 | Ist Half | 2200.00 | 110.00 | 2310.00 |
| 2 | 2013 | IInd Half | 2200.00 | 110.00 | 2310.00 |
| 3 | 2014 | Ist Half | 2200.00 | 110.00 | 2310.00 |

| | | | | | |
|---|---|---|---|---|---|
| 4 | 2014 | IInd Half | 2200.00 | 110.00 | 2310.00 |
| 5 | 2015 | Ist Half | 2200.00 | 110.00 | 2310.00 |
| 6 | 2015 | IInd Half | 2200.00 | 110.00 | 2310.00 |
| 7 | 2016 | Ist Half | 2200.00 | 110.00 | 2310.00 |
| 8 | 2016 | IInd Half | 2200.00 | 110.00 | 2310.00 |
| 9 | 2017 | Ist Half | 2200.00 | 110.00 | 2310.00 |
| 10 | 2017 | IInd Half | 2200.00 | 110.00 | 2310.00 |

3) ബിൽഡിംഗ് ഐ.ഡി 50247010011418

ഡോർ നം 10/295/c

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2017 | Ist Half | 2695.00 | 135.00 | 2830.00 |
| 2 | 2017 | IInd Half | 2695.00 | 135.00 | 2830.00 |

4) ബിൽഡിംഗ് ഐ.ഡി 50247010011557

ഡോർ നം 12/351/B

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2013 | Ist Half | 1925.00 | 97.00 | 2022.00 |
| 2 | 2013 | IInd Half | 1925.00 | 96.00 | 2021.00 |
| 3 | 2014 | Ist Half | 1925.00 | 97.00 | 2022.00 |
| 4 | 2014 | IInd Half | 1925.00 | 96.00 | 2021.00 |
| 5 | 2015 | Ist Half | 1925.00 | 97.00 | 2022.00 |
| 6 | 2015 | IInd Half | 1925.00 | 96.00 | 2021.00 |
| 7 | 2016 | Ist Half | 1925.00 | 97.00 | 2022.00 |
| 8 | 2016 | IInd Half | 1925.00 | 96.00 | 2021.00 |
| 9 | 2017 | Ist Half | 1925.00 | 97.00 | 2022.00 |
| 10 | 2017 | IInd Half | 1925.00 | 96.00 | 2021.00 |

5) ബിൽഡിംഗ് ഐ.ഡി 50247010010818

ഡോർ നം 15/49/A

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2017 | Ist Half | 1575.00 | 79.00 | 1654.00 |
| 2 | 2017 | IInd Half | 1575.00 | 79.00 | 1654.00 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 34 / 16.01.2019 ന് 1/7, 12/351ബി എന്നീ ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള ടവറുകളുടെ നികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 7/2 ബി എന്ന റിലയൻസ് ടവറിനും 10/295 സി എന്ന എ.റ്റി.സി ടവറിനും 15/49 എ എ.റ്റി.സി ടവറിനും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. ടവറുകളുടെ വസ്തു നികുതി ഇനത്തിൽ ഇത്തരത്തിൽ വലിയതുക കുടിശ്ശിക വരുത്തുന്നത് തനത് വരുമാനത്തെ സാരമായി ബാധിക്കുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-4 പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് നടപ്പിലാക്കിയിട്ടില്ല

576/ഡി.സി 1/16/തസ്വഭവ, 24.09.2016 സർക്കുലർ പ്രകാരം വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. വില്പന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

ഒരുമാസം കുറഞ്ഞത് 4,000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48,000/- രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക ഈടാക്കാവുന്നതാണ്. പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

എന്നാൽ സർക്കുലർ പ്രകാരമുള്ള പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് നടപ്പിലാക്കിയിട്ടില്ല.

## 2-5 മാർക്കറ്റ് ലേലം - കുടിശ്ശിക വരുത്തിയ തുക ഈടാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷം 11,12- ാം നമ്പർ സ്റ്റാളുകളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ശ്രീ.ഷാജഹാൻ, മുംതാസ് മൻസിൽ, മരുതമൺ എന്നയാൾ യഥാക്രമം 127500/- , 127511/- രൂപയ്ക്ക് ലേലം കൊണ്ടിരുന്നു. ലേല നിബന്ധനകൾ പ്രകാരം ലേല തുക മൂന്ന് ഗഡുക്കളായി 1/4/17, 31/7/17, 30/11/17 തീയതികൾക്കകം ഒടുക്കേണ്ടതാണെങ്കിലും മൂന്നാംഗഡു 85003/- രൂപ (42500 + 42503) ഒടുക്കുന്നതിൽവീഴ്ച വരുത്തിയിട്ടുണ്ട്. 05/12/17, 6/01/18, 5/02/18, 6/03/18, 3/04/18 എന്നീ തീയതികളിൽ ഡിമാന്റ് നോട്ടീസ് നൽകിയിയെങ്കിലും കുടിശ്ശിക ഒടുക്കിയിട്ടില്ല.

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 26 / 14.01.2019 ന് റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് (തീരുമാന നമ്പർ 6.2, 09.04.2018) മറുപടി ലഭിച്ചു. ഇതു സംബന്ധിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവരുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22 / 14.01.19 ന് പഞ്ചായത്ത് പരിധിയിൽ 16 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ ഒന്നിനുപോലും ലൈസൻസ് എടുത്തിട്ടില്ലെന്നും മറുപടി ലഭിച്ചു. റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-7 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 77,700/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ

ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 11/ 14.01.2019 ന് ടെണ്ടർ ഫോം വില ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഇ.ഇ.ക്ക് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിററ് ഇനത്തിൽ ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു

| ഇനം (കോഡ്) | 2014-15 ബാലൻസ് | 2015-16 ബാലൻസ് | 2016-17 ബാലൻസ് | 2017-18 ബാലൻസ് |
|---|---|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി (340100101) | 2656 | 2656 | 2656 | 2656 |
| സപ്ലയേഴ്സ് ഇ.എം.ഡി (340100102) | 790 | 3134 (790 + 2344) | 3134 | 3134 |
| കോൺട്രാക്ടേഴ്സ്സെക്യൂരിറ്റി ഡെപ്പോസിററ് (340100201) | 112 | 112 | 112 | 112 |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിററ് (340100202) | 11500 | 16940 (11500 + 5440) | 20250 (16940 + 8750 - 5440) | 19000 (20250 – 1250) |
| ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിററ് (340100203) | 0 | 248 | 33523 (248 + 33275) | 65608 (33523+ 32085) |
| മറ്റ് ഡെപ്പോസിററുകൾ (340109901) | 5000 | 5000 | 12400 (5000+7400) | 12400 |
| വാടക ഡെപ്പോസിററ് (340200101) | 30528 | 33682 (30528+14154-11000) | 53518 (33682+19836) | 60562 (53518+7044) |
| ഡെപ്പോസിററ് ഹാൾ & ഓഡിറ്റോറിയം (340200106) | 200 | 200 | 200 | 700 (200 + 500) |
| മറ്റ് ഡെപ്പോസിററുകൾ (റവന്യൂ) (340200199) | 77600 | 67600 (77600-10000) | 67600 | 67600 |
| ഡെപ്പോസിറ്റ് റിസീവ്ഡ് (340800101) | 0 | 59000 | 53000 (59000-6000) | 53000 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 25 / 14.01.19 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ

തുകകൾ യാതൊന്നും പഞ്ചായത്തിൻ മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ച വാങ്ങാതെയുമിരുന്നാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്.

## 2-9 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | അനിൽകുമാർ | കോണത്ത് വീട്, മിതൃമ്മല, കല്ലറ |
| 2 | ഷംനാഥ്.എൻ.എസ് | രത്നഗിരി, നേടുംതേരി, ചെറുവാളം കെ.ടി കുന്ന് |
| 3 | രാജൻ.ജെ | രാജ് ഭവൻ, കല്ലറ |
| 4 | രവീന്ദ്രൻ നായർ.എസ് | മേലതിൽ വീട്, കൊച്ചുതാന്നിമൂട്, നന്ദിയോട് |
| 5 | സജീം.എ | സലീം മൻസിൽ, തലവരമ്പ്, മാങ്കോട് പി.ഒ |
| 6 | അജി | മുളമൂട്ടിൽ വ്ലാക്കത്ത് വീട് , തൈക്കാട് , പിരപ്പൻകോട് പി.ഒ |
| 7 | എസ്.ജയകുമാർ | ഇളയടത്ത് ഹൗസ് , കല്ലറ പി.ഒ |
| 8 | ജെ.സലീം | തച്ചോണം ഹൗസ്, കാഞ്ചിനട, പാലുവള്ളി |
| 9 | അനീഷ് | അനീഷ് ഭവൻ, കണിച്ചോട്, കളമച്ചൽ പി.ഒ, വാമനപുരം |
| 10 | വിനോദ്.എസ് | അറ്റുകടവിൽ വീട്, പേരയം |
| 11 | വിഷ്ണു.ബി.എച്ച് | പത്മവിലാസം, കിളിമാനൂർ |
| 12 | ഗോപാലകൃഷ്ണൻനായർ | അശ്വതി, കൊച്ചുകരിക്കകം, മിതൃമ്മല പി.ഒ |
| 13 | മനോഹരൻ നായർ | ഉത്രാടം, വെള്ളാച്ചിറ, പനവൂർ.പി.ഒ |
| 14 | ഗംഗാധരൻ നായർ | പി.ആർ.എ 188, പട്ടം പി.ഒ |
| 15 | സുഭാഷ്.കെ | - |

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാറിൽനിന്നും അവരുടെ ടേൺ ഓവറിന്റെ

അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കണ്ടേതാണ്.

## 2-10 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ് .ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 1,43,653/- രൂപ ഈടാക്കി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്ക് വരുത്തിയിരുന്നു .

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 1437/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു.

കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് വരുമാനക്കുറവ് ഉണ്ടാകുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-11 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കുന്നില്ല.

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2)പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്. 2017-18 സാമ്പത്തിക വർഷം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയതിൽ ചുവടെ പറയുന്ന അപാകങ്ങളുണ്ട്.

1) 2017-18 സാമ്പത്തിക വർഷം രണ്ട് സ്ഥാപനങ്ങളാണ് 200/- രൂപ ഫീസ് ഈടാക്കി രജിസ്ട്രേഷൻ ചെയ്തിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനങ്ങൾ ഫോറം 1 നു പകരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫോറം 5 ലാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ സ്ഥാപനം ആരംഭിക്കുവാനുദ്ദേശിക്കുന്ന തീയതി ഏതെന്നും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

2) അപേക്ഷകളോടൊപ്പം തന്നെ ഫീസ് ഒടുക്കിയിട്ടില്ല.

3) ചട്ടം 3(3) പ്രകാരം സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകൻ തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് അപേക്ഷയുടെ

ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 2016-17 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്ത ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2017-18 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

a) വിനായക ഇംഗ്ലീഷ് മീഡിയം സ്കൂൾ

b) ഹൗസ് ഫോർ കിഡ്സ്

c) ഹൈനസ് കോളേജ് & കമ്പ്യൂട്ടേഴ്സ്

d) സ്മാർട്ട് കിഡ്സ് ക്രിയേഷൻ

e) ബി.എസ്.എസ് കമ്പ്യൂട്ടർ സെന്റർ

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 68/19.01.2019 ന് തുടർ വർഷങ്ങളിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. രജിസ്ട്രേഷൻ സംബന്ധിച്ച ചട്ടങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-12 ഡി & ഒ ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ ആദ്യ 50 അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ പറയുന്നവ ഈ സമയക്രമം പാലിച്ചിട്ടില്ല.

| ക്രമ നം | പേര്, വിലാസം | സ്ഥാപനം | അപേക്ഷ തീയതി |
|---|---|---|---|
| 1 | ലൈലാസുഗതൻ ,<br>ദ്വാരക, കൊട്ടുവഴന്നൂർ | ഹോട്ടൽ ഗോൾഡാ | 30.03.2017 |
| 2 | ഷാജിർ.എ,<br>മേരുംകര വീട്, അരിവാരിക്കുഴി,<br>കാട്ടുംപുറം പി.ഒ | മേരുംകര ഇലക്ട്രിക്കൽസ് | 4.04.2017 |
| 3 | അനന്തകൃഷ്ണൻ ആചാരി, ലക്ഷ്മി ഭവൻ, പഴയചന്ത, കല്ലറ | എൻ.വി ജ്വല്ലറി & വെസ്സൽസ് | 23.03.2017 |
| 4 | ജമാലുദ്ദീൻ,<br>ഫിറോസ് മൻസിൽ, കല്ലറ | ഫസ്റ്റ ബേക്കറി | 03.04.2017 |
| 5 | സെക്രട്ടറി | വളംഡിപ്പോ, പാട്ടറ | 11.04.2017 |
| 6 | സെക്രട്ടറി | വളംഡിപ്പോ, ചെറുവാളം | 11.04.2017 |
| 7 | സെക്രട്ടറി | വളംഡിപ്പോ, മുതുവിള | 11.04.2017 |

| | | | |
|---|---|---|---|
| 8 | സെക്രട്ടറി | വളംഡിപ്പോ, കല്ലറ | 11.04.2017 |
| 9 | സലാഹുദ്ദീൻ,<br>റിയാസ് മൻസിൽ, കല്ലറ | സലാം സ്റ്റാർ | 21.03.2017 |
| 10 | അബ്ദുൾ ഷുക്കൂർ, കല്ലിട്ടുക്കിൽ വീട്,<br>ചാമ്പല്ലുവിള, കല്ലറ | പച്ചക്കറി വ്യാപാരം | 30.03.2017 |
| 11 | കെ.മോഹനൻ പിള്ള,<br>മോഹനവിലാസം, പരപ്പിൽ | പ്രഭാത് റൈസ് & ഫ്ലവർ മിൽ | 28.03.2017 |
| 12 | മോഹനൻ.ജി,<br>ഗോവിന്ദ് ഭവൻ, ഉമ്പോട് | സെൻട്രൽ സലൂൺ | 03.04.2017 |
| 13 | ഗണേശൻ,<br>കെ.ജി.ഭവൻ, ഉമ്പോട് | ന്യൂ ഫാഷൻ ഹെയർ കട്ടിംഗ് സലൂൺ | 07.04.2017 |
| 14 | വി.ചന്ദ്രൻ,<br>ശ്രീചിത്ര, പാങ്ങോട് | ചിത്രാ ഫർണിച്ചർ | 01.04.2017 |
| 15 | ശ്രീധരൻനായർ.ആർ,<br>ഷൈലജമന്ദിരം, വളക്കുഴിപച്ച | ശ്രീജാ റൈസ് & ഫ്ലവർ മിൽ | 28.03.2017 |
| 16 | മോഹനൻ,<br>അത്തം, മുതുവിള | റസ്റ്റോറന്റ് | 26.04.2017 |
| 17 | വി.നമകുമാർ<br>അശ്വതി, പരപ്പിൽ | അശ്വതി സ്റ്റോർ | 21.03.2017 |
| 18 | മിനിമോൾ.എസ്,<br>ചന്ദവിള, പുത്തൻവീട് | ദേവി ക്ലിനിക്കൽ ലബോറട്ടറി | 17.04.2017 |
| 19 | ജി അംബകുമാർ,<br>ആമ്പാടി, കല്ലുവിള | ക്ലിനിക്കൽ ലബോറട്ടറി | 05.04.2017 |
| 20 | സെക്രട്ടറി, കല്ലറ ജോയിന്റ് ഫാമിംഗ് സഹകരണ സംഘം | വളം വിൽപ്പന | 01.04.2017 |
| 21 | എം.തുളസീധരൻ നായർ,<br>ദേവിനഭവൻ, ആയിരവില്ലി | നന്ദിലത്ത് ഇലക്ട്രിക്കൽസ് | 26.04.2017 |
| 22 | സെക്രട്ടറി, പാങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് | വളം ഡിപ്പോ | 21.04.2017 |
| 23 | എം.അബ്ദുൾ അസീസ്,<br>തെക്കേക്കോണത്തു വീട്, പഴയചന്ത | തെക്കേക്കോണം എന്റർപ്രൈസസ് | 05.04.2017 |
| 24 | മുരളീധരൻ.എസ്, എം.എസ്.ഭവൻ, പേടികുളം | ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല | 24.04.2017 |

| | | | |
|---|---|---|---|
| 25 | പ്രസന്നദാസ്, രോഹിണിഭവൻ, ചോറ്റിമുക്ക് | പൊന്നി റബ്ബേഴ്സ് | 2.04.2017 |
| 26 | വിജയകുമാരൻ നായർ, വൃന്ദാവൻ, മുതുവിള | പലചരക്ക് ചില്ലറ വ്യാപാരം | 18.04.2017 |
| 27 | എ.റഹീം, ആർ.എസ് മാൻഷൻ, തറട്ട | റിയൽ ഏജൻസീസ് | 04.04.2017 |
| 28 | മുഹമ്മദ് ഷാ, ഷാ മൻസിൽ, മിതൃമ്മല | വസ്ത്ര വ്യാപാരം | 21.04.2017 |
| 29 | രാധ.എം, തുഷ്ടി, കല്ലറ | മിനി പർപ്പിടക സ്റ്റോർ | 08.05.2017 |

ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-13 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

2017-18 എ.എഫ്.എസ് പ്രകാരമുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

| കോഡ് നം | ഇനം | തുക |
|---|---|---|
| 460100103 | താൽകാലിക അഡ്വാൻസ് | 314696 |
| 460500501 | അഡ്വാൻസ് - നിർവ്വഹണ ഉദ്യോഗസ്ഥർ | 147122 |

എന്നാൽ അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, ക്രമീകരിക്കുവാനുള്ളവയുടെ വിശദാംശം എന്നിവ ആവശ്യപ്പെട്ടതിന് 3,14,696/- രൂപ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ശമ്പളം അഡ്വാൻസ് ആയി അനുവദിച്ചതുകയാണെന്ന് കാണുന്നുവെന്നും 1,47,122/- രൂപ മുൻ വർഷങ്ങളിൽ പദ്ധതി രൂപീകരണത്തിനും ടെക്നിക്കൽ അസിസ്റ്റന്റ് വേതനത്തിനും അഡ്വാൻസായി നൽകിയിട്ടുള്ളതായി കാണുന്നുവെന്നും മറുപടി ലഭിച്ചു. എന്നാൽ ഈ തുകകൾ ക്രമീകരിച്ചത് സംബന്ധിച്ച് യാതൊരു വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അഡ്വാൻസ് ക്രമീകരിച്ച് ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-14 രജിസ്ട്രേഷനില്ലാതെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും,

അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

2017-18 സാമ്പത്തിക വർഷം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയതിൽ ചുവടെ പറയുന്ന അപാകങ്ങളുണ്ട്.

---

1) 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കുവരുത്തിയ ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൻ വർഷത്തിൽ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചെയ്തിട്ടില്ല

a) ജി.ജി. ഡെന്റൽ ക്ലീനിക്ക്

b) നിഷാ ഹോസ്പിറ്റൽ

c) ഗോകുലം മെഡിക്കൽ & റിസർച്ച് ഫൗണ്ടേഷൻ

---

2) 2016-17 സാമ്പത്തിക വർഷം രജിസ്ട്രേഷൻ നൽകിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2017-18 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

a) എക്സൽ ക്ലിനിക്കൽ ലബോറട്ടറി

b) സിറ്റി ദന്തൽ ക്ലിനിക്ക

c) പുനർജനി ആയുർവേദിക്സ്

---

3) 2017-18 സാമ്പത്തിക വർഷം രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട് എന്നാൽ ഈ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

a) ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് സെന്റർ

b) നാഷണൽ സ്കാൻസ് & ഡയഗ്നോസ്റ്റിക് സർവ്വീസ്

---

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 49/17.01.2019 ന് മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### **3-1** <u>ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല</u>

സ.ഉ(പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ I, II ഗഡുക്കൾ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700345, 4/08/17 | 218889 |
| I | 21700346, 4/08/17 | 81245 |
| II | 21700583, 23/10/17 | 65327 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (7/2014 മുതൽ പരിഷ്കരിച്ച ശമ്പള നിരക്കിലുള്ളത്) അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ തുക അടവാക്കിയിട്ടില്ല.

## **3-2** <u>തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായകണക്കില്ലാതെ തുക ഒടുക്കുന്നതു മൂലം അധിക ചെലവുണ്ടാകുന്നു</u>

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| മാസം | ഒടുക്കിയ തുക |
|---|---|
| ഏപ്രിൽ 2017 | 79361 |
| മെയ്2017 | 79544 |
| ജൂൺ 2017 | 87336 |
| ജൂലൈ 2017 | 91529 |
| ഓഗസ്റ്റ് 2017 | 95311 |
| സെപ്റ്റംബർ 2017 | 87336 |
| ഓക്ടോബർ 2017 | 90565 |
| നവംബർ 2017 | 126536 (90536 + 36000) |
| ഡിസംബർ 2017 | 90733 |
| ജനവരി 2018 | 90536 |
| ഫിബ്രവരി 2018 | 90536 |
| മാർച്ച്2018 | 90536 |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി.8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

കെ.എസ്.ഇ.ബി യുടെ B.O.(FTD)No.1043/2017(KSEB/TRAC/Tarrif Revision /2017-18) Tvpm dated 21.04.17 പ്രകാരമുള്ള എൽ.റ്റി 8 (എ), എൽ.റ്റി 8 (ബി) താരിഫ് റേറ്റ് ചുവടെ ചേർക്കുന്നു.

| LT – VIII (A) – Composite Tariff for Unmetered Street Lights (Revised Tariff w.e.f 18.04.2017) | | |
|---|---|---|
| TYPE OF LAMP | Watts (W) | Rs/Lamp/Month @ 12 Hours per day |
| Ordinary | 40 | 66 |
| Ordinary | 60 | 102 |
| Ordinary | 100 | 167 |
| Fluo. tube | 40 | 66 |
| Fluo. tube | 80 | 134 |
| Flood light | 1000 | 1677 |
| MV Lamp | 80 | 143 |
| MV Lamp | 125 | 222 |
| MV Lamp | 160 | 286 |
| MV Lamp | 250 | 447 |
| MV Lamp | 400 | 714 |
| SV Lamp | 70 | 125 |
| SV Lamp | 80 | 143 |
| SV Lamp | 100 | 178 |
| SV Lamp | 125 | 222 |
| SV Lamp | 150 | 267 |
| SV Lamp | 250 | 447 |
| CFL | 11 | 16 |
| CFL | 15 | 22 |
| CFL | 18 | 26 |
| CFL | 22 | 32 |

| | | |
|---|---|---|
| CFL | 30 | 44 |
| CFL | 36 | 53 |
| CFL | 44 | 64 |
| CFL | 72 | 105 |
| CFL | 144 | 210 |
| LED | 12 | 9 |
| LED | 18 | 14 |
| LED | 20 | 15 |
| LED | 24 | 20 |
| LED | 30 | 25 |
| LED | 40 | 30 |
| LED | 45 | 35 |

| LT – VIII (B) Tariff for Metered Street Lights and Traffic Signal Lights | | |
|---|---|---|
| Particulars | Pr-revised | Revised (w.e.f 18.04.2017) |
| a)Fixedcharge (Rs/ meter/month) | 30 | 40 |
| b) Energy Charge (Rs. per unit) | 3.6 | 3.9 |

എൽ.റ്റി 8 (എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാൽ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഈടാക്കുന്നില്ല. |
| ചാർജ്ജ് ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുവാൻ പ്രയാസം നേരിടുന്നു | പ്രവർത്തിക്കുന്നതിനനുസരിച്ചു മാത്രമേ ചാർജ്ജ് ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്താൻ കഴിയുന്നു |

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-3 റിക്കവറി തുക ഒടുക്കുവരുത്തിയിട്ടില്ല

2017-18 എ.എഫ്.എസ് B9 , ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ റിക്കവറി ഇനത്തിൽ ബാദ്ധ്യതയായി വർഷങ്ങളായി നിലനിൽക്കുന്നു.

| കോഡ് നം | ഇനം | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|
| 350200110 | കെ.എസ്.എഫ്.ഇ | 7000 | 7000 | 7000 | 7000 |
| 350200112 | ബാങ്ക്, മറ്റ് സ്ഥാപനങ്ങൾ | 9250 | 6750 (9250+15000 - 17500) | 6750 | 6750 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29/14.01.2019, 53/18.01.2019 എന്നിവയ്ക്ക് ശ്രീ. ജോസഫ്, ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും വായ്പാ തിരിച്ചടവിന് റിക്കവറി ചെയ്തിട്ടുള്ളതായി കാണുന്നുവെന്നും റിക്കവറി തുക ഒടുക്കിയതായി കാണുന്നില്ലെന്നും വ്യക്തമല്ലാത്ത മറുപടിയാണ് ലഭ്യമാക്കിയത്. ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ തുകകൾ വർഷങ്ങളായി പഞ്ചായത്തിന്റെ ബാധ്യതയായി നിലനിൽക്കുന്നത് സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതും റിക്കവറി സംബന്ധിച്ച് വ്യക്തത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 ഗ്രാന്റ്, കോൺട്രിബ്യൂഷൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

2017-18 എ.എഫ്.എസ് B4 , ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്നു.

| കോഡ് നം | ഇനം | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|
| 320200305 | ഗ്രാന്റ് ഫണ്ട്, കോൺട്രിബ്യൂഷൻ സ്പെസിഫിക്ക് പർപ്പസ് (other than development fund & state sponsore) | 135150 | 135150 | 135150 | 135150 |
| 320200202 | ഫണ്ട് ഫോർ ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ - അനിമൽ ഹസ്ബൻററി | 0 | 400000 | 360000 (400000- 40000) | 360000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 30/14.01.2019 ന് 2014-15 മുതൽ 2017-18 വരെ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 1,35,150/- രൂപ ബി.പി.എൽ കാർഡ് ഉടമകൾക്ക് ആധാർ എൻറോൾമെന്റിനായി കളക്ടറേറ്റിൽ നിന്നും അനുവദിച്ചിരുന്ന തുകയാണെന്നും 360000/- രൂപാ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ അധികമായി നിൽക്കുന്നതാണെന്നും മറുപടി ലഭിച്ചു.

മേൽ തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

58608/ ഡിബി2/2009/തസ്വഭവ,13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കണം.

എന്നാൽ മേൽ പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 3-6 ഭരണസമിതിയുടെ തെറ്റായ തീരുമാനം - കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനായില്ല

പ്രോജക്റ്റ് നം : 119/18
ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് റോഡ് 801625/-
പേര് : കുമ്മൂർ പാച്ചല്ലൂർ ചേപ്പിലോഡ് റോഡ് റീട്ടാറിംഗ്
ചെലവ് : 801550/-
ബിൽ നം : 46/17-18, 23.03.18
എം ബുക്ക് നം : 584/17-18
കരാറുകാരൻ : സജിം.എ (എസ്റ്റിമേറ്റ് റേറ്റ്)

ഗ്രാമപഞ്ചായത്തിന്റെ 16.12.17 ലെ സാധാരണ യോഗം 2-ാം നമ്പർ തീരുമാനമായി എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് മേൽ പ്രവൃത്തി അംഗീകരിച്ച് നൽകി. അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 22.12.17 ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് (24/2017/ae/lsgd/klra.) പ്രസ്തുത നോട്ടീസ് പ്രകാരം കരാറുകാരൻ 9.01.2018 ന് കരാർ വെക്കേണ്ടതാണെന്ന് അറിയിച്ചു. പ്രസ്തുത നോട്ടീസിന് മറുപടിയായി ജി.എസ്.ടി അവ്യക്തത നിലനിന്നതിനാൽ യഥാസമയം കരാർ വെക്കാൻ കഴിഞ്ഞില്ല എന്നും പിഴ ഒഴിവാക്കി കരാർ വെക്കാൻ അനുവദിക്കണമെന്ന് ഭരണസമിതിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത കത്ത് നിർവഹണ ഉദ്യോഗസ്ഥൻ ഭരണ സമിതിയ്ക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ 5.03.2018 ലെ ഭരണസമിതിയുടെ സാധാരണ യോഗം തീരുമാന നമ്പർ I(2) പ്രകാരം കരാറുകാരന്റെ പിഴ ഒഴിവാക്കി കരാർ വെയ്ക്കാൻ ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥന് അംഗീകാരം നൽകുകയും 8.03.2018 ന് പിഴ ഇല്ലാതെ കരാർ വെയ്ക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 41 ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് പഞ്ചായത്ത് രാജ് ആക്റ്റിന്റെയോ സർക്കാർ ഉത്തരവിന്റെയോ പിൻബലമില്ല എന്നറിയിച്ചു. പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം ഈടാക്കാവുന്ന പിഴ ഈടാക്കാത്തതിന് തെറ്റായ തീരുമാനമെടുത്ത ഭരണസമിതിയും ഈ കാലയളവിലെ സെക്രട്ടറിയും ഉത്തരവാദികളാണ്. പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കമ്മിറ്റി അംഗീകരിച്ച തീയതി | 16.12.2017 |
| കരാർ വെയ്ക്കേണ്ട തീയതി | 09.01.2018 |
| കരാർ വെച്ച തീയതി | 08.03.18 |
| ഈടാക്കാവുന്ന പിഴ | 801625 x 1 / 100 = 8016/- രൂപ |

8,016/- രൂപയുടെ പിഴ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, തെറ്റായ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല

29.3.2017ലെ മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം 72/17 ത.സ്വ.ഭ.വ, ഖണ്ഡിക 14.6 (1)(2) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കി മോണിറ്ററിംഗ് സമിതിയായി മാറുകയും പ്രവൃത്തിയുടെ തുടക്കം മുതൽ ഒടുക്കം വരെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്നാണ് നിർദ്ദേശമുള്ളത്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പിൽ പത്ത് അംഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ വാർഡ് മെമ്പർ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പ്രസിഡന്റ് എന്നിവരാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 41 ന് പദ്ധതികളുടെ എണ്ണം കൂടുതലായതിനാലും പ്രവൃത്തിയുടെ പൂർത്തീകരണത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുമാണ് മേൽ നിർദ്ദേശം ഒഴിവാക്കിയതെന്നും അറിയിച്ചു.

മാർഗ്ഗനിർദ്ദേശപ്രകാരം മോണിറ്ററിംഗ് നടത്താൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-8 തരിശുഭൂമിയിൽ കൃഷി ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിലെ തരിശുഭൂമി സംബന്ധിച്ച രേഖകൾ പ്രകാരം 15.984 ഹെക്ടർ പ്രദേശം തരിശുഭൂമിയാണ്. അതിൽ 6.884 ഹെക്ടർ പ്രദേശം നെൽകൃഷിയ്ക്കും 9.1 ഹെക്ടർ പ്രദേശം കര നെൽകൃഷിയ്ക്കും അനുയോജ്യമാണ്. പ്രസ്തുത തരിശ്പ്രദേശം കൃഷിക്ക് പ്രയോജനപ്പെടുത്താതെ പാഴായിപ്പോവുകയാണ്. തരിശുഭൂമിയിൽ നെൽകൃഷി, പച്ചക്കറികൃഷി, വാഴകൃഷി എന്നിവ കൃഷി ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തണമെന്ന് 25-2-2017 ൽ കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-9 വാഴകൃഷി വികസനം - പദ്ധതി മാനദണ്ഡം പൂർണമായും പാലിച്ചില്ല

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 26/18 |
| അടങ്കൽ | : | 4,66,000/- |
| ചെലവ് | : | 4,66,000/- |

കൃഷി ഓഫീസർ നിർവഹണ ഓഫീസർ ആയി നടപ്പിലാക്കിയ പദ്ധതിയിൽ 10 സെന്റ് ഭൂമി സ്വന്തമായോ പാട്ടത്തിനോ ഉള്ള കർഷകർക്ക് വാഴകൃഷി നടത്തുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 10 സെന്റിൽ താഴെ ഭൂമിയുള്ള കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം നൽകിയതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | വാർഡ് | കരം ഒടുക്ക് രസീത് പ്രകാരം ഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|---|
| 1. | ഉമൈബാബീവി | III | 6 സെന്റ് |
| 2. | അബ്ദുൾ മനാഫ് | VI | 4സെന്റ് |

പദ്ധതി നടത്തിപ്പിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് ഉണ്ടായിക്കാണുന്നില്ല. വികസനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ മേൽനോട്ടം പദ്ധതി നടത്തിപ്പിൽ ഉണ്ടാകേണ്ടതാണ്.

## 3-10 സ്റ്റാറ്റസ് റിപ്പോർട്ടിലെ അതീവഗുരുതര പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചില്ല

കൃഷി വിഷയമായി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന അതീവ ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരമായി തൻവർഷം പദ്ധതി ആവിഷ്കരിച്ചില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രശ്നം | പ്രശ്നകാരണം | പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | ജലസേചന ജലനിർഗ്ഗമന പ്രശ്നങ്ങൾ | നീർച്ചാലുകൾ സംരക്ഷിക്കാത്തതും തടയണകൾ നിർമ്മിക്കാത്തതും | പൊതുകുളങ്ങൾ, തോട്ടുകൾ എന്നിവ മാലിന്യമുക്തമാക്കുന്ന പദ്ധതി നടപ്പിലാക്കി, തടയണകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചില്ല |
| 2. | നെൽപ്പാടങ്ങളുടെ പരിവർത്തനം കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥ,<br>പുതിയ തലമുറയ്ക്ക് കാർഷികമേഖലയോടുള്ള താല്പര്യമില്ലായ്മ | പരിവർത്തനം ഫലപ്രദമായി തടയാൻ കഴിയാത്തതും കൃഷി ആദായകരമല്ലാത്തതും | പദ്ധതികളൊന്നും ആവിഷ്കരിച്ചില്ല |

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർദ്ദേശം നൽകിയെങ്കിലും ആവിഷ്കരിച്ചില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-11 കാർഷികോൽപ്പന്ന വിപണനകേന്ദ്രം വനിത – പദ്ധതി നടപ്പാക്കിയില്ല

പദ്ധതി നം.137/18 ആയി 4,53,775/- രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും തൻവർഷം നടപ്പാക്കിയില്ല. കാർഷികമേഖലയുടെ ഉന്നമനത്തിന് ഉപയുക്തമാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-12 കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു

മേൽ പദ്ധതിയ്ക്കായി S.L.B.P.ഡയറക്ടർക്ക് 2,50,000/- രൂപ നൽകിയെങ്കിലും (നിർവഹണം വെറ്റിനറി സർജൻ, അടങ്കൽ തുക – 10,00,000/- , ബിൽ നം. 11/18 തീയതി 5.3.18) കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ലഭിച്ചില്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-13 പശ്ചിമഘട്ട വികസന പദ്ധതി - പദ്ധതി പണം പൂർണ്ണമായി

വിനിയോഗിക്കാനായിട്ടില്ല.

പ്രോജക്ട് നം : 37/17-18, അടങ്കൽ - 125000/-
38/17-18 , 375000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പശ്ചിമഘട്ട പ്രദേശത്തെ ഗുണഭോക്താക്കൾക്ക് 2013-14 സാമ്പത്തിക വർഷം ജില്ലാകളക്ടറുടെ 13.02.2014 ലെ ഉത്തരവ് നം 1024/2013-14/ഡിപി/ ഡബ്ല്യു.ജിഡിപി/ജിഡി/റ്റി വി പിഎം പ്രകാരം ജനറൽ കാറ്റഗറിക്കായി 900000/- രൂപയും എസ്.സി വിഭാഗം ഗുണഭോക്താക്കൾക്കായി 300000/- രൂപയും അനുവദിച്ചത് 2017-18 സാമ്പത്തിക വർഷവും പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ തുക തിരികെ ഒടുക്ക് വരുത്തുകയാണുണ്ടായത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

---

1) ഒരു ഗുണഭോക്താവിന് യൂണിറ്റിന് 7500/- രൂപ നിരക്കിൽ ജനറൽ വിഭാഗത്തിൽ 120 യൂണിറ്റും എസ്.സി വിഭാഗത്തിൽ 40 യൂണിറ്റുമായ ആകെ 160 യൂണിറ്റ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രോജക്ട് 2017-18 ൽ 85 യൂണിറ്റ് മാത്രം നടപ്പിലാക്കി ബാക്കി തുക ജില്ലാ കളക്ടർക്ക് തിരികെ ഒടുക്കുകയുണ്ടായി.

---

2) 2013-14 സാമ്പത്തിക വർഷം ജില്ലാകളക്ടറുടെ ഉത്തരവിൽ ആടിന് സബ്സിഡി ആയി 7500/- രൂപ അനുവദിക്കാനും ഇൻഷ്വറൻസ് ട്രാൻസ്പോർട്ടേഷൻ ഇനങ്ങളിലെ ചെലവുകൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 1000/-രൂപ ഗുണഭോക്താവിന് അനുവദിക്കാനും കൂട് നിർമ്മിക്കുന്നതിനായുള്ള 850/-രൂപ ഗുണഭോക്തൃവിഹിതമായി കണക്കാക്കിയും പ്രോജക്ട് രൂപീകരിക്കാനാണ് നിർദ്ദേശം നൽകിയിരുന്നത്. 2013-14 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കാത്തതിനെ തുടർന്ന് 22.2.2017ന് നടന്ന കളക്ടറുടെ മീറ്റിംഗിലെ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ 4/2016 ലെ നിർദ്ദേശം അനുസരിച്ച് ഒരു യൂണിറ്റിൽ 3 ആടുകളെ 50% ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ചതിനാൽ പദ്ധതി നിർവ്വഹണവേളയിൽ ഗുണഭോക്തൃ വിഹിതം അടവാക്കി പദ്ധതിയിൽ പങ്കുചേരുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സാധിക്കാതെ വന്നതായി ഫയൽ പരിശോധനയിൽ കണ്ടു.

---

3) പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ 2014 ലെ കളക്ടറുടെ ഉത്തരവിൽ ജനറൽ വിഭാഗം സ്ത്രീകൾക്കായി നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്ന പദ്ധതിയിൽ പുരുഷ ഗുണഭോക്താക്കൾ 3 പേർ ഉൾപ്പെട്ടിട്ടുണ്ട്. ജനറൽ വിഭാഗം കുടുംബത്തിന് സബ്സിഡി എന്ന നിലയിൽ ഗുണഭോക്താക്കളെ പരിഗണിക്കാൻ ജന്റർ കമ്മിറ്റി നിർദ്ദേശം നൽകിയതായി ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി തുക അനുവദിച്ചുകൊണ്ടുള്ള കളക്ടറുടെ ഉത്തരവിൽ 2013-14 സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിരുന്നത് ജനക്ഷേമം മുൻനിർത്തി നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ 2016-17 വർഷത്തെ മാർഗ്ഗനിർദ്ദേശപ്രകാരം 50% ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിനും ഉണ്ടായിരുന്ന സാഹചര്യം ഭരണപരമായ വീഴ്ചകൾ കാരണം നടപ്പിലാകാതെ പോയതായി വിലയിരുത്തുന്നു.

## 3-14 വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാൻ അവശേഷിക്കുന്നു

എ) സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥരായി 2017-18 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് അതാത് വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണാധികാരി | അടങ്കൽ തുക | പദ്ധതി നിർവ്വഹണ ചുമതല ഏർപ്പെടുത്തിയ വകുപ്പ് |
|---|---|---|---|---|
| 1 | 35/17-18, കല്ലറ പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ, ശൗചാലയങ്ങൾ എന്നിവയ്ക്ക് വാട്ടർ കണക്ഷൻ | സെക്രട്ടറി | 50000/- | കേരള വാട്ടർ അതോറിറ്റി |
| 2 | 136/17-18, കല്ലറ ഗ്രാമപഞ്ചായത്ത് അംഗൻവാടികൾ, ഹെൽത്ത് സെന്ററുകൾ, ആയുർവ്വേദ ആശുപത്രി , സ്കൂളുകൾ തുടങ്ങിയവയ്ക്ക് വാട്ടർ കണക്ഷൻ | സെക്രട്ടറി | 352000/- | കേരള വാട്ടർ അതോറിറ്റി |
| 3 | 80/17-18, കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ നൽകൽ (പട്ടികജാതി) | അസിസ്റ്റന്റ് സെക്രട്ടറി | 937500/- | കേരള വാട്ടർ അതോറിറ്റി |
| 4 | പൈപ്പ് ലൈൻ നീട്ടൽ (പട്ടികജാതി) | അസിസ്റ്റന്റ് സെക്രട്ടറി | 1087000/- | കേരള വാട്ടർ അതോറിറ്റി |

ബി) വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭരണസമിതി തീരുമാനപ്രകാരം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നം | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ രണ്ടാം ഘട്ടം, SO168/28 | ധനകാര്യകമ്മീഷൻ ഗ്രാന്റ് 1339391 | Bill No.18/15.3.18 1339391 | ജല അതോറിറ്റിക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | താപസഗിരി വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, SO130/18 | ധനകാര്യകമ്മീഷൻ ഗ്രാന്റ് 150000 | Bill No. 9/6.1.18-150000 | ജല അതോറിറ്റിക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, SO128/18 | വികസന ഫണ്ട് 1501000 | 1501000 | ജല അതോറിറ്റിയുടെ വിനിയോഗസാക്ഷ്യപത്രം പ്രകാരം 311492രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. |

ക്രമ നം. 1, 2 എന്നിവയിലെ പ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 54ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിക്കാത്ത തുകകൾ തിരികെ ലഭ്യമാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 കുടിവെള്ള പദ്ധതി- പൈപ്പ് നീട്ടൽ - വാട്ടർ അതോറിറ്റി ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നില്ല.

13- ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വാട്ടർ അതോറിറ്റി, പൊതുമരാമത്ത് , കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾ വഴി ഡെപ്പോസിറ്റ് വർക്ക് നിർവ്വഹിക്കുന്ന വേളയിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

വാട്ടർ അതോറിറ്റി വഴി ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച ഡെപ്പോസിറ്റ് വർക്കുകളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികൾക്ക് വർക്കിംഗ് ചാർജ്, കോസ്റ്റ് ഓഫ് മെറ്റീരിയൽ എന്നീ ഇനങ്ങളിൽ ലംസം തുക രേഖപ്പെടുത്തിയ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 47/17.1.2019 ന് ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റി പ്രവൃത്തികളുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാറില്ല എന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കെ.ഡബ്ല്യു.എ വിവിധ എസ്.സി കോളനികളിലെ പൈപ്പ് ലൈൻ നീട്ടലിന് നൽകിയ എസ്റ്റിമേറ്റിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു.

| ക്രമ നം | വിശദാംശം | തുക |
|---|---|---|
| 1 | മെറ്റീരിയൽ കോസ്റ്റ് | 375742.5 |
| 2 | വർക്കിംഗ് ചാർജ് | 578392.36 |
| 3 | റോഡ് റീസ്റ്റോറേഷൻ ചാർജ് | 12000.00 |
| സെന്റേജ് @ | | 12.50% |
| സെന്റേജ് തുക | | 120766.86 |
| സെന്റേജ് ഉൾപ്പെടെ ആകെ തുക | | 1086901.72 |
| ലംസം ഫോർ റൗണ്ട് ഓഫ് | | 98.28 |
| ആകെ **10,87,000/-** | | |

പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും വിധം എസ്റ്റിമേറ്റ് തയ്യാറാക്കി ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നിക്ഷേപിക്കേണ്ടതാണ്. വികസനസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-16 സമ്പൂർണ്ണ ശുചിത്വം- അടങ്കൽ തുകയിൽ വികസനഫണ്ട് നെഗറ്റീവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : കക്കൂസ് നിർമ്മാണം(സമ്പൂർണ്ണ ശുചിത്വം) |
| നം | : SOO 32/18 |
| അടങ്കൽ തുക | : വികസനഫണ്ട് (സാധാ) - 1161589 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | : 1243389 |
| തനത് ഫണ്ട് | : 24800 |
| ആകെ | : 106600 |
| ചെലവ് തുക | : ബിൽ നം. 4/31.8.18-9400/- |

2016-17 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം. എസ്.ഓ. 4/17 പ്രകാരം നടപ്പിലാക്കിയ പദ്ധതിയുടെ സ്പിൽ

ഓവറാണ് 2017-18 സാമ്പത്തിക വർഷത്തിൽ അംഗീകാരം നേടിയത്. പ്രോജക്ടിന്റെ ഫാറം ക്രമ നം.20ൽ വകയിരുത്തിയതും ചെലവഴിച്ചതും ബാക്കിയുള്ളതും ഇനി ആവശ്യമായ തുകയുടെ വിശദാംശങ്ങളുടെ പട്ടികയിൽ വികസനഫണ്ട്(സാധാ) ബാക്കി നിൽപ്പ് തുക (-1161589) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരവും വികസനഫണ്ട് (സാധാ) അടങ്കൽ തുക (-1161589) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം അടങ്കൽ തുക വികസനഫണ്ട് നെഗറ്റീവ് ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 55 ന് ലഭ്യമാക്കിയ മറുപടിയിൽ 2016-17 സാമ്പത്തിക വർഷം വികസനഫണ്ട് (ജനറൽ) 10,58,411/- ധനകാര്യകമ്മിഷൻ ഗ്രാന്റ് 22,05,589/-, തനത് ഫണ്ട് 9,24,800/- എന്നിങ്ങനെ വകയിരുത്തിയിരുന്ന പദ്ധതിയിൽ ധനകാര്യകമ്മിഷൻ ഗ്രാന്റ് ലഭിക്കാതിരിക്കുകയും സംസ്ഥാനതല ഒ.ഡി.എഫ് പ്രഖ്യാപനം അടിയന്തിരമായി നടത്തുകയും ചെയ്യേണ്ടതിലേക്കായി വികസനഫണ്ട് (ജനറൽ) നിന്ന് കൂടുതൽ തുക ചെലവഴിച്ചുവെന്നും ആയതാണ് 2017-18ൽ നെഗറ്റീവ് ഫണ്ട് ആയി കാണിച്ചിരിക്കുന്നത് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇപ്രകാരം വികസനഫണ്ട് (സാധാ) അടങ്കൽ തുക (-1161589) ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## **3-17** മുൻഗണനാക്രമം മറികടന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വി.ഇ.ഒ |
| പേര് | : ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ) |
| നം | : SOO 91/18 |
| അടങ്കൽ | : ധനകാര്യ കമ്മിഷൻ ഗ്രാന്റ് 3,35,000/- |
| ചെലവ് തുക | : ബിൽ നം6/30.10.2017 – 110000<br>ബിൽ നം7/18.10.17 – 380000<br>ബിൽ നം 8/6.1.18 – 270000<br>ബിൽ നം10/6.1.18 – 75000<br>ബിൽ നം11/12.1.18 – 75000<br>ബിൽ നം 12/12.1.18 – 55000<br>ബിൽ നം 13/12.2.18 – 200000<br>ബിൽ നം14/12.2.18 – 190000<br>ബിൽ നം15/21.2.18 – 100000<br>ബിൽ നം 16/21.2.18-105000<br>ബിൽ നം 17/15.3.18-210000 |
| ആകെ | - 17,70,000/- |

പ്രസ്തുത പദ്ധതിയുടെ വാർഡ് 1,17 എന്നിവയുടെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ മുൻഗണനാക്രമം മറികടന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വാർഡ് ഒന്നിലെ ക്രമ നം. 1, 2, 5, 7, 8, 15, 16, 23, 24, 26 എന്നീ ക്രമനമ്പരുകളിലെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. വാർഡ് 17ൽ ക്രമനം. 1, 2, 3, 4, 6, 7, 12, 13, 14, 16, 18, 19, 22, 23, 24, 25, 26, 27, 29, 31, 35, 37, 39, 40, 42, 44, 46, 47 എന്നീ ക്രമനമ്പരുകളിലെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സ.ഉ (എം.എസ്)നം. 80/2017/lsgd dated 3.4.2017 പ്രകാരം തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അപ്രകാരമുള്ള എന്തു മാറ്റംവരുത്തുന്നതും ഗ്രാമസഭയുടെ സാധൂകരണത്തോടു കൂടിയായിരിക്കണം. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 60 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 8.2.2018ലെ ജനറൽ കമ്മിറ്റി തീ 1(1) പ്രകാരം കുടിവെള്ള കണക്ഷൻ

എടുക്കുന്നതിനു ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാൽ മുൻഗണന നോക്കാതെ രേഖകളുമായി വരുന്ന മുറയ്ക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകിയത് മേൽസർക്കാർ ഉത്തരവിൻെ ലംഘനമാണ്.

## 3-18 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയുടെ ചെലവ് തുകയും ചെലവു പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റും ലഭ്യമാക്കിയ ചെലവുരേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| പ്രോജക്ടിന്റെ പേര്, നം | അടങ്കൽ തുക | ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് തുക | എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് | റിമാർക്സ് |
|---|---|---|---|---|
| അനുപൂരക പോഷകാഹാരം<br>SOO22/18 | വികസനഫണ്ട് 1000000<br>കേന്ദ്ര ഫണ്ട് 500000 | ചെക്ക് നം. 586902/13.7.17 – 228239/-<br>ചെക്ക് നം 2277420/16.2.18 – 205571/-<br>Bill No.11//23.8.17 – 104678/-<br>BillNo.2/12.10.17 - 62251/-<br>Bill No.3/23.10.17 - 277993/-<br>Bill No.5/10.3.18 - 142054/-<br>Bill No.6/12.3.18 - 161608/-<br>Bill No.9/24.3.18 - 230964/-<br>ആകെ – 1413358/- രൂപ | കേന്ദ്രഫണ്ട് 205571/-<br>വികസനഫണ്ട് 979548/-<br>ആകെ 1185119/- | കേന്ദ്രഫണ്ടിൽ നിന്നുള്ള 2,28,239/- രൂപയുടെ ചെലവ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല |
| അംഗൻവാടികൾക്ക് കറണ്ട് ബിൽ<br>SO23/18 | തനത് ഫണ്ട് 15000 | ചെക്ക് നം. 072505/25.9.17 - 3400/-<br>ചെക്ക് നം.2277409/18.1.18 - 2337/-<br>ചെക്ക് നം.2277435/13.3.18 - 885/-<br>ആകെ – 6622/- രൂപ | 3222 | എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം 3,400/-രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല |

## 3-19 മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര് | : | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| നം. | : | Soo21/18 |
| അടങ്കൽ | : | വികസന ഫണ്ട് 2,38,500/- |

| | | |
|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് 1,19,250/- |
| | | ജില്ലാപഞ്ചായത്ത് 1,19,250/- |
| | | ആകെ – 477000/- |
| ചെലവ് തുക | : | ചെക്ക് നം.2797926/22.3.18 – 55436/- |
| | | Bill No. 8/17-18/12.3.18 – 12000/- |
| | | Bill No.4/17-18/10.11.17 – 98875/- |

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ജില്ലാപഞ്ചായത്തിന്റെ വിഹിതം ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ചെലവു രേഖകൾ പ്രകാരം ജില്ലാപഞ്ചായത്തിന്റെ വിഹിതം ലഭിച്ചിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ പത്ത് ഗുണഭോക്താക്കൾക്ക് ഒൻപത് മാസത്തേക്ക് മാത്രമാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. ജില്ലാപഞ്ചായത്തിന്റെ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ മൂന്ന് മാസത്തേക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടില്ല. ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് [G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017] . പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിരുന്നുവെങ്കിൽ ഈ അപാകത ഒഴിവാക്കാനും ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ആനുകൂല്യം വിതരണം ചെയ്യുന്നതിനും കഴിയുമായിരുന്നു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മേൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുവെന്നുറപ്പ വരുത്തേണ്ടതും അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നുവെന്നുറപ്പ വരുത്തേണ്ടതുമാണ്.

## 3-20 <u>അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നില്ല</u>

സർക്കുലർ നം 31055/ഡിസി2/2011/തസ്വഭവ, 22/3/11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ , അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 31 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

എന്നാൽ അംഗൻവാടികളുടെ സുരക്ഷിതത്വം സംബന്ധിച്ച യോഗം തദ്ദേശസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ വിളിച്ച് ചേർക്കുകയോ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം 13/14.01.2019 ന് മറുപടി ലഭിച്ചു.

2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

| സെന്റർ നം | അംഗൻവാടിയുടെ പേര് |
|---|---|
| 102 | പാറമുകൾ |
| 103 | എ.എച്ച്.ജി കോളനി |
| 104 | പാട്ടറ |
| 105 | പാൽകുളം |
| 106 | കുറമ്പയം |

| | |
|---|---|
| 108 | കെ.റ്റി കുന്ന് |
| 113 | നെട്ടംത്തേരി |
| 114 | പരപ്പിൽ |
| 115 | കല്ലുവരമ്പ് |
| 116 | കീഴാർ |
| 118 | മരുതുംമൂട് |
| 120 | നീരുമൺകടവ് |
| 121 | പ്ലാക്കോട് |

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയും സർക്കുലർ പ്രകാരം സുരക്ഷ ഉറപ്പ് വരുത്താതെയും അംഗൻവാടികൾ പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-21 സാന്ത്വനപരിചരണം- വാഹനത്തിന്റെ ഇന്ധനത്തിന് അധികച്ചെലവ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | : | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |
| പേര് | : | സാന്ത്വന പരിചരണം |
| നം | : | S0093/18 |
| അടങ്കൽ | : | വികസനഫണ്ട് – 875900/- |
| | | ബിൽ നം. 2/23.8.17- 77660/- |
| | | 3/11.10.17 - 515290/- |
| ചെലവ് തുക | : | 5/25.11.17 -55025/- |
| | | 11/15.3.18 - 24810/- |
| | | 12/28.3.18 - 203115 |

പാലിയേറ്റീവ് ഭവനസന്ദർനശത്തിനായുള്ള KL-01-CB-3785 ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധനയിൽ 16.5.2017 മുതൽ 23.3.2018 വരെ ആകെ 392.96 ലിറ്റർ ഇന്ധനം ഉപയോഗിച്ചിട്ടുണ്ട്. . മൈലേജ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്കിൽ മൈലേജ് 13km/L ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. . ലോഗ് ബുക്ക് പ്രകാരം പ്രസ്തുത കാലയളവിൽ വാഹനം ആകെ 3366.4 കിലോമീറ്റർ മാത്രമേ ഓടിയിട്ടുള്ളൂ. മൈലേജ് സർട്ടിഫിക്കറ്റ് പ്രകാരം 392.96 ലിറ്റർ പെട്രോൾ ഉപയോഗിച്ച് 5108.48 കിലോമീറ്റർ ഓടാമെന്നിരിക്കെ ആകെ 3366.4 കിലോമീറ്റർ മാത്രമാണ് വാഹനം ഓടിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം.37ന് ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിന്റെ ഫ്യൂവൽ കപ്പാസിറ്റി നാല്പത് ലിറ്റർ ആണെന്നും 2017-18 സാമ്പത്തിക വർഷത്തിനൊടുവിൽ വാഹനം ഫുൾ ടാങ്ക് ആക്കിയാണ് ഒരുക്കിയിട്ടതെന്നും നാല്പതു ലിറ്റർ കഴിച്ച് 352.96 ലിറ്റർ ഇന്ധനമാണ് ഉപയോഗിച്ചതെന്നും ഇത്രയും ഇന്ധനം കൊണ്ട് 13 കിലോമീറ്റർ മൈലേജ് ഉള്ള വാഹനം 4588.48കി.മീ ഓടാമെന്നിരിക്കെ ആകെ 3366.4കി.മീ മാത്രം ഓടിയിട്ടുള്ളതിനാൽ ബാക്കി 1222.08km ഓടേണ്ട ഇന്ധനത്തിന്റെ അന്നത്തെ വിലയായ 76 രൂപ നിരക്കിൽ (1222.08/13 = 94.01ലിറ്റർ) 7,144/- രൂപ ഡ്രൈവറുടെ വേതനത്തിൽ നിന്ന് പിടിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മൈലേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അധികമായി ഇന്ധനത്തിന് ചെലവഴിച്ച തുക 7,144/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-22 ലഭിക്കാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ സ്റ്റോക്കിലെടുത്തു.

**(എ)**

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ ആയുർവേദം

പ്രോജക്റ്റ് നം. : Soo77/18

പേര് : ആയുർവേദ ഡിസ്പെൻസറി മരുന്ന് വാങ്ങൽ

അടങ്കൽ : മെയിന്റനൻസ് ഫണ്ട് റോഡിതരം 4,00,000/-

ചെലവ് തുക : ബിൽ നം. 1/23.8.17- 4,00,000/-

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി ആസൂത്രണം ചെയ്തിരുന്ന പദ്ധതിയിൽ, മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇൻവോയിസ് നം. 90034876/26.9.17 പ്രകാരം വാങ്ങിയ മരുന്നുകൾ കാലാവധി കഴിഞ്ഞവയായിരുന്നുവെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഔഷധം | ബാച്ച് നം | എണ്ണം | നിരക്ക് | ആകെ തുക | എക്സ്പെയറി ഡേറ്റ് |
|---|---|---|---|---|---|
| Panchakaola choornam 500 gm | c44-003 | 2 | 245 | 490 | 8/17 |
| Panchakaola choornam 500 gm | C44-1 | 3 | 245 | 735 | 8/17 |

ഇത് സംബന്ധിച്ച എൻക്വയറി 40 ന് ലഭ്യമാക്കിയ മറുപടിയിൽ .പ്രസ്തുത മരുന്ന് 26.9.2017ന് സ്ഥാപനത്തിൽ ലഭിച്ചിരുന്നില്ലായെന്നും ആയത് ഷോർട്ടേജ് മെഡിസിനിൽ ഉൾപ്പെട്ടതായിരുന്നുവെന്നും പിന്നീട് സപ്ലൈ ചെയ്ത മെഡിസിൻ കാലാവധി കഴിഞ്ഞതായിരുന്നില്ലായെന്നും അറിയിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 26.9.17ലെ ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നതിനു മുൻപുതന്നെ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിലെടുക്കുകയായിരുന്നുവെന്ന് വ്യക്തമാകുന്നു. മരുന്നുകൾ ലഭിച്ചതിനുശേഷം മാത്രം സ്റ്റോക്കിലെടുക്കേണ്ടതും കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുക്കുന്നില്ലായെന്നുറപ്പ് വരുത്തേണ്ടതുമാണ്. ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഇത് സംബന്ധിച്ച് കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

**(ബി)** _മരുന്ന് പൂർണ്ണമായും ലഭിച്ചില്ല- തുക തടസ്സം ചെയ്യുന്നു_

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്റ്റ് നം. : SOO78/18

പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ

അടങ്കൽ : മെയിന്റനൻസ് ഫണ്ട് റോഡിതരം 200000

ചെലവ് തുക : ബിൽ നം. 2/13.9.17-200000

മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇൻവോയിസ് നം. LF-955/6.9.17 പ്രകാരമുള്ളതിൽ താഴെപ്പറയുന്ന മരുന്നുകൾ ലഭിച്ചിട്ടില്ല.

| ഔഷധം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Kalimuriaticum 6x | 250 | 4 | 1000 |
| Nutrum sulph 6X | 750 | 4 | 3000 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ഹോംകോയിൽ നിന്നും ഉടനെ തന്നെ മരുന്നുകൾ ലഭ്യമാക്കാമെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അതുവരെ പ്രസ്തുത മരുന്നുകൾക്കായി ചെലവഴിച്ച 4,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-23 എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിയില്ല

എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 22-3-2018 ൽ ചെക്ക് നം. 2277436 പ്രകാരം 1,00,000/- രൂപ കുടുംബശ്രീക്ക് കൈമാറിയെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ക്രമാതീതമായി പെരുകുന്ന തെരുവ് നായകൾ എന്നത് അതീവഗുരുതര പ്രശ്നമായി കണക്കാക്കിയിരിക്കുന്നതിനാൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി എ.ബി.സി. പ്രോഗ്രാം മുൻഗണനനിശ്ചയിച്ച് നടപ്പിലാക്കേണ്ടതാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-24 പാലിയേറ്റീവ് കെയർ– പദ്ധതി നടത്തിപ്പ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | : | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |
| പേര് | : | സാന്ത്വന പരിചരണം |
| നം | : | S0093/18 |
| അടങ്കൽ | : | വികസനഫണ്ട് 875900/- |
| ചെലവ് തുക | : | ബിൽ നം. 2/23.8.17- 77660/-<br>3/11.10.17 – 515290/-<br>5/25.11.17 – 55025/-<br>11/15.3.18- 24810/-<br>12/28.3.18- 203115/- |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**(1)** സ. ഉ (സാധ) നം.3217/15/lsgd. Dated 29.10.15ഖണ്ഡിക 2.3പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഓരോ സാമ്പത്തിക വർഷത്തിനു മുൻപ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും കൊണ്ടു പോകുന്നതിന് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 2.5.6 പ്രകാരം Nominal register വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷം മേൽ നടപടി ക്രമങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ലായെന്ന് എൻക്വയറി 36 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**(2)** ജില്ലാമെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള KL-01-CB-3785 ആംബുലൻസ് എം.പിയുടെ വികസനഫണ്ടിൽ നിന്ന് അനുവദിച്ചത് 15.5.17ൽ കല്ലറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മെഡിക്കൽ ഓഫീസർ കൈപ്പറ്റിയിട്ടുണ്ട്. ആസ്തി രജിസ്റ്ററിലും സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയ വാഹനം പാലിയേറ്റീവ് കെയർ ആവശ്യത്തിനും അതിന് മുടക്കം വരാത്ത രീതിയിൽ ആംബുലൻസ് സർവീസിനും ഉപയോഗിക്കുന്നതിനുമായി പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള എച്ച്.എം.സിയ്ക്ക് രേഖാമൂലം കൈമാറേണ്ടതും കസ്റ്റോഡിയൻ എച്ച്.എം.സിയുടെ കൺവീനറായ മെഡിക്കൽ ഓഫീസറായിരിക്കും എന്ന് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വാഹനം എച്ച്.എംസിയ്ക്ക് കൈമാറിയിട്ടില്ലായെന്ന് എൻക്വയറി 36 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 2.6.5.2(iv) പ്രകാരം വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ

ചെലവുകളും എച്ച്.എം.സി ഫണ്ടിൽ നിന്ന് വഹിക്കേണ്ടതും അങ്ങനെയുള്ള ചെലവ് എച്ച്.എം.സി അംഗീകരിക്കേണ്ടതും അപ്രകാരമുള്ള തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് എച്ച്.എം.സിയുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. എന്നാൽ എച്ച്.എം.സിയ്ക്ക് പ്രസ്തുത വാഹനം കൈമാറിയിട്ടില്ലാത്തതിനാൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പ്രസ്തുത വാഹനത്തിന്റെ ഡ്രൈവറായി ശ്രീ. വിനോദ്, ശിവഗംഗ, ഉമ്പോട്, കല്ലറ എന്ന വ്യക്തിയെ 2.6.17 ലെ 9-ാം നം തീരുമാന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ തുടരാൻ അനുവദിച്ചതായും കാണുന്നു. ടിയാനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് നിയമിച്ചത് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി സാന്ത്വനപരിചരണം പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുവെന്നുറപ്പ വരുത്തേണ്ടതും ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 3-25 ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ–ചെലവ് രേഖകൾ കൃത്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | - എച്ച്.എം |
| പ്രോജക്ട് നം | - SOO74/18 |
| പേര് | - ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ |
| അടങ്കൽ തുക | - മെയിന്റനൻസ് ഫണ്ട് 3,50,000/- |
| ചെലവ് തുക | - ബിൽ നം. 1/8.1.18 |

***(എ) സർക്കാർ നിർദ്ദേശം പാലിക്കാതെ ബുക്ക് വാങ്ങി***

സർക്കുലർ നം.38156/DA2/2012/lsgd dated 6.9.2012 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനായ ബുക്ക്മാർക്കിന് മുൻഗണന നൽകേണ്ടതും ബുക്ക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേ നിന്ന് വാങ്ങുകയും ചെയ്യാവൂ എന്നുണ്ട് . എന്നാൽ മേൽ പദ്ധതിയിൽ ചിന്ത പബ്ളിക്കേഷൻസ്, പൂർണ്ണ പബ്ളിക്കേഷൻസ്, കറന്റ് ബുക്സ്, നാഷണൽ ബുക് ട്രസ്റ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 58 ന് അപ്രകാരം പ്രത്യേകം നിർദ്ദേശം ലഭിച്ചിരുന്നില്ലായെന്നും പുസ്തകമേളയിൽ നിന്നും ലൈബ്രറികളുടെ കൂടി താൽപര്യം പരിഗണിച്ചാണ് പുസതകങ്ങൾ വാങ്ങിയിരിക്കുന്നത് എന്നുമാണ് അറിയിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ വരുത്തേണ്ടതാണ്.

***(ബി) ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല***

പൂർണ്ണ പബ്ലിക്കേഷൻസിന് ആകെ 96,555/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 3,292/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

***(സി) കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല***

ചിന്ത പബ്ലിക്കേഷൻസിന് പുസ്തകങ്ങളുടെ വിലയായി 41,421/-രൂപ നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും 14,955/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. 26,466/- രൂപയുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

***(ഡി) വിതരണം ചെയ്ത പുസ്തകങ്ങളുടെ വിലയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല***

നേതാജി സ്മാരക ഗ്രന്ഥശാല, ഗ്രാമീണ ഗ്രന്ഥശാല, കല്ലറ പഞ്ചായത്ത് പബ്ളിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം,

നവോദയ ഗ്രന്ഥശാല, ഗോപാല മെമ്മോറിയൽ ആർട്സ് ആൻഡ് സ്പോർട്സ് ക്ളബ് ലൈബ്രറി എന്നിവ നൽകിയിട്ടുള്ള കൈപ്പറ്റ് രസീത് പ്രകാരം ആകെ 299989 രൂപയുടെ പുസ്തകങ്ങൾ ആണ് കൈപ്പറ്റിയിരിക്കുന്നത്. ആകെ പുസ്തകങ്ങൾക്ക് വാങ്ങുന്നതിനായി ചെലവഴിച്ച 349471/- രൂപയുമായി ആയത് പൊരുത്തപ്പെടുന്നില്ല.

***(ഇ) സ്റ്റോക്ക് , വിതരണ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.***

മേൽ അപാകതകൾ പരിശോധിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക ലഭ്യമാക്കേണ്ടതുമാണ്. വിദ്യാഭ്യാസം, കല, സംസ്കാരം വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതി മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനിട്സ് പരിശോധന). വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകൾ കൃത്യമായി മോണിററർ ചെയ്യേണ്ടതും ആയവ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നുവെന്നുറപ്പ വരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 119250 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (21/18) | 55436 | 63814 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 25000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (21/18) (*) | 0 | 25000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3380750 | പകൽവീട് നിർമ്മാണം (135/18) | 845015 | 2535735 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാൽ ഉല്പാദന സബ്സിഡി ((81/18) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങൽ (87/18) | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1500000 | കല്ലറ മാർക്കറ്റ് അറവുശാല ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ (153/18) | 0 | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 40800 | ജൈവ സമൃദ്ധി (138/18) | 0 | 40800 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4250 | നെൽകൃഷിവികസനം (31/18) | 0 | 4250 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 42500 | കര നെൽകൃഷി വികസനം (34/18) | 0 | 42500 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാൽ ഉല്പാദന സബ്സിഡി ((81/18) | 150000 | 0 |

(*)സംയുക്ത പ്രോജക്ടിനായി ലഭിച്ചതുക, വിനിയോഗം എന്നിവയിൽ യഥാർത്ഥ തുകയും എ.എഫ്.എസിലെ തുകയും തമ്മിൽ വ്യത്യാസമുണ്ട് വിശദാംശം ഖണ്ഡിക 3-18 ൽ പരാമർശിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, വാട്ടർ കണക്ഷൻ | 4479391 | 2052891 | 2426500(**) |
| പി.ഡബ്ല്യൂ.ഡി | പഞ്ചായത്ത് ആഫീസ് ഇലക്ട്രിഫിക്കേഷൻ & നെറ്റ് വർക്കിംഗ് | 140000 | 0 | 140000 |
| പി.ഡബ്ല്യൂ.ഡി | അംഗൻവാടി നിർമ്മാണം | 4060000 | 0 | 4060000 |
| പി.ഡബ്ല്യൂ.ഡി | നെടുന്തേരി അംഗൻവാടി നിർമ്മാണം | 580000 | 0 | 580000 |

(**) വ്യത്യാസമുള്ള 20,52,891/- രൂപയ്ക്ക് 2018-19ൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം .

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 833/2010/ തസ്വഭവ തീയതി 11.03.2010 | 14095500 | 4425311 | 1666012 | 0 | 2759299 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 (2014-15) | മാട്ടിറച്ചി വ്യാപാരം ലേല കുടിശ്ശിക തുകയായ 433334/- രൂപ ഈടാക്കുന്നതു സംബന്ധിച്ച് | റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,11,23,396.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,14,05,506.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 254000.00 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 250000 | ഡോ.ബി.എൻ.ബാബുരാജ്<br>വെറ്ററിനറി സർജൻ (സെൽമ കോട്ടേജ്) |
| 3-22(ബി) | 4000 | ഡോ.വിദ്യ<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ മേൽവിലാസം

| പേര് | ഉദ്യോഗപ്പേര് | നിലവിലെ | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | ഔദ്യോഗിക മേൽവിലാസം | |
| ഡോ.ബി.എൻ.ബാബുരാജ് | വെറ്ററിനറി സർജൻ | | സെൽമ കോട്ടേജ്,<br>സെന്റ് ആൻഡ്രൂസ്,<br>സേന്റ് സേവ്യേഴ്സ്<br>കോളേജ് |
| ഡോ. വിദ്യ | മെഡിക്കൽഓഫീസർ (ആയുർവേദം) | | ലീല ഭവൻ,<br>വി.ജി.ആർ.എ. – 48 ,<br>വൃന്ദാവൻ ഗാർഡൻ,<br>ഈഞ്ചക്കോട്,<br>കവടിയാർ (പി. ഓ.) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/18, 10.07.2018 | 3<br>2.1, 2.2, 2.3 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 6<br>2.1, 2.2, 2.3, 2.4, 2.5, 2.6 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10 / 1222/2018, 10.07.2018 | 1<br>3.7 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/18, 10.07.2018 | 17<br>2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/18, 10.07.2018 | 23<br>2.1, 2.2, 2.3, 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 2<br>2.2, 3.7 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 6<br>2.5, 2.6, 2.7(2), 2.8, 3.2, 3.6 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 12<br>2.3, 2.5, 3.2, 3.5, 3.6, 3.8, 3.9, 3.10, 3.11, 3.12, 3.15, 3.17, | |

| | | | |
|---|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 3<br>3.1, 3.2, 3.11 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 3<br>2.3, 2.4, 3.1 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 2<br>3.5, 3.10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1222/2018, 10.07.2018 | 4<br>3.5, 3.10, 3.11, 3.12 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി10/ 2075/2017, 19.03.2018 | 9<br>2.2, 3.1, 3.3, 3.5, 3.7, 3.10, 3.12, 3.16, 3.17 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി10/ 2109/2017, 30.08.2018 | 14<br>2.1,2.3, 2.4, 2.5, 2.6, 2.9, 3.2, 3.4, 3.5, 3.9, 3.15, 3.17, 3.22, 3.25 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*Edited BL*

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിന്റെ

2017-18 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.